

WEDNESDAY 12.07.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/07/2023.

1. എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണീട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന കാർഷിക യന്ത്ര സേവന കേന്ദ്രത്തിൽ അഗ്രിക്കൾച്ചറൽ ടെക്നീഷ്യന്മാരായി നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, മണീട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 18 വയസ്സു മുതൽ 55 വയസ്സു വരെ പ്രായ പരിധിയിൽ ഉള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് / റേഷൻ കാർഡ്/ വോട്ടേഴ്സ് ഐഡി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷകൾ 16/07/2023 തിങ്കളാഴ്ച പകൽ 4 മണിക്കുള്ളിൽ കൃഷിഭവനിൽ ലഭ്യമായിരിക്കണം. അപേക്ഷ ഫാറം കൃഷിഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി 0485-2267974, 9495572543 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. വാമനപുരം കൃഷിഭവനിൽ ഗുണമേന്മയുള്ള WCT തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ 2023-24 വർഷത്തെ കരമടച്ച രസീതുമായി കൃഷിഭവനിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470148 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. കോഴിക്കോട് ജില്ലയിലെ കക്കോടി കൃഷി ഭവനിൽ കുറ്റ്യാടി നാടൻ ഇനം (ഡബ്ലിയു സി ടി) തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വില്പനയ്ക്കായി എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കക്കോടി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കക്കോടി കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9656745454 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**പരിശീലന പരിപാടി**

6. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ജൂലൈ 18 മുതൽ 22 വരെ ''ശാസ്ത്രീയമായ പശു പരിപാലനം'' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ ജൂലൈ 15ന് 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാല, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും' എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി ജൂലൈ 19ന്, സംഘടിപ്പിക്കുന്നു. ലാൻഡ്സ്കേപ്പിംഗിന്റെയും പൂന്തോട്ടത്തിന്റെയും നിർമ്മാണവും പരിപാലനവും, ഇൻഡോർ ഗാർഡനിംഗ് ആശയങ്ങൾ, നൂതന തരത്തിലെ ഉദ്യാനങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുകയും പ്രായോഗിക പരിശീലനം നൽകുകയും ചെയുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുളളവർ ജൂലൈ 18 നു മുമ്പായി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെയുള്ള സമയങ്ങളിൽ രജിസ്റ്റർ ചെയുക. കൂടുതൽ വിവരങ്ങൾക്ക് 0487-2370773 എന്ന നമ്പരിൽ ബന്ധപ്പെടുക.

8. തൃശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ വിളപരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, സസ്യ സംരക്ഷണ മുറകൾ തുടങ്ങിയ വിഷയങ്ങളിൽ 18/07/ 2023 നു പരിശീലനപരിപാടി സംഘടിപ്പിക്കുന്നു താല്പര്യമുള്ളവർക്ക് 9400483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണിവരെയുള്ള സമയങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വെച്ച് ആന്റിബയോറ്റിക്സിന്റെ ദുരുപയോഗവും ദൂഷ്യഫലങ്ങളും എന്ന വിഷയത്തിൽ ഒരു ദിവസത്തെ ബോധവൽക്കരണ ക്ലാസ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. ജൂലൈ 19 ബുധനാഴ്ചയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 0479-2457778, 0479-2452277എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്ത് നമ്പർ വാങ്ങേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ സർക്കാർ അവധി പ്രഖ്യാപിച്ചാൽ അറിയിച്ചിരിക്കുന്ന തീയതിയുടെ തൊട്ടടുത്ത പ്രവൃത്തി ദിവസം പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

10. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കാർഷിക നിർദ്ദേശം -ഇഞ്ചി –ഒറ്റമുകുള നടീൽ**

11. വളരെ കുറഞ്ഞ അളവിൽ വിത്തിഞ്ചി ഉപയോഗിച്ച് ഇഞ്ചി നടാൻ ഉപയോഗിക്കുന്ന രീതിയാണ് ഒറ്റ മുകുള നടീൽ രീതി. ഇതിനായി ഏകദേശം 3:1 അനുപാതത്തിൽ ചകിരിച്ചോർ കംപോസ്റ്റ്, മണ്ണിര കംപോസ്റ്റ് എന്നിവ ചേർത്ത് പ്രോട്രേ നിറയ്ക്കാം. 5 ഗ്രാം ഭാരമുള്ള മുളച്ച ഒറ്റ മുകുള ഭൂകാണ്ഡം വിത്ത് പരിചരണത്തിനായി 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വയ്ക്കുക.പിന്നീട് ഇവ പ്രോ ട്രേകളിൽ നട്ടു 30 - 40 ദിവസം പ്രായമാകുമ്പോൾ പറിച്ച് നടാവുന്നതാണ്. വൈകി നടുന്ന സന്ദർഭങ്ങളിൽ ഈ നടീൽ രീതി അവലംബിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം